**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1828** **11-10-2024 - ൽ മറുപടിയ്ക്ക്**

**പുതിയ കെ.എസ്.ആർ.ടി.സി ബസ് സർവീസ് നിലവിലുള്ളതിനെ ബാധിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി കൊട്ടാരക്കര ഡിപ്പോയിൽ നിന്ന് പുതിയതായി ആരംഭിച്ച കൊട്ടാരക്കര-കിഴക്കേകോട്ട ഓർഡിനറി ലിമിറ്റഡ് സ്റ്റോപ്പ് ബസിന്റെ ട്രിപ്പുകൾ നിലവിലുള്ള ബസ് സർവീസുകളെ ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കൊട്ടാരക്കര ഡിപ്പോയിൽ നിന്ന് 18.05.2024 മുതൽ 06.30 ഈസ്റ്റ് ഫോർട്ട് സർവീസ് ആരംഭിച്ചിരുന്നുവെങ്കിലും പുനലൂർ ഡിപ്പോയിലെ മറ്റൊരു സർവീസുമായി ഒരേ സമയക്രമം പാലിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കൊട്ടാരക്കര ഡിപ്പോയിലെ പ്രസ്തുത സർവീസ് 06.15 ഈസ്റ്റ് ഫോർട്ട് ആയി പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്നതിനാൽ മറ്റ് ഡിപ്പോകളിലെ മറ്റ് സർവീസുകളെ ദോഷകരമായി ബാധിക്കുന്നില്ല. കൂടാതെ കൊട്ടാരക്കര യൂണിറ്റിൽ നിന്നുള്ള സർവീസ് ലിമിറ്റഡ് സ്റ്റോപ്പ് സർവീസായും പുനലൂർ യൂണിറ്റിലെ സർവീസ് ഓർഡിനറി സർവീസുമായിട്ടാണ് ക്രമീകരിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത റൂട്ടിൽ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും കോർപ്പറേഷന് കൂടുതൽ വരുമാനം നേടുന്നതിനും സാധിക്കുന്നുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി പുനലൂർ ഡിപ്പോയിൽനിന്ന് ഗ്രാമീണ മലയോര മേഖലകളിലെ ഒറ്റപ്പെട്ട ബൈറൂട്ടുകളായ പുനലൂർ-കോക്കാട്, കോക്കാട്-തടിക്കാട്, തടിക്കാട്- പൊലിക്കോട് റോഡുകളിലൂടെ മെഡിക്കൽ കോളജ് വഴി തിരുവനന്തപുരത്തേക്ക് സർവീസ് നടത്തുന്ന ബസിനെ എം.സി റോഡിൽ പൊലിക്കോട് മുതൽ വെഞ്ഞാറമൂട്-കഴക്കൂട്ടം ബൈപാസിൽ കാട്ടായിക്കോണം വരെ കൊട്ടാരക്കരയിൽനിന്ന് പുതുതായി തുടങ്ങിയ സർവീസ് ഓവർ ലാപ് ചെയ്യുന്നതിനാൽ പുനലൂരിൽ നിന്നും നിലവിലുള്ള സർവീസിന്റെ വരുമാനം ഗണ്യമായി കുറഞ്ഞെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ വിശദമാക്കാമോ; | (ബി) | കൊട്ടാരക്കര ഡിപ്പോയിൽ നിന്ന് 18.05.2024 മുതൽ 06.30 ഈസ്റ്റ് ഫോർട്ട് സർവീസ് ആരംഭിച്ചിരുന്നുവെങ്കിലും പുനലൂർ ഡിപ്പോയിലെ മറ്റൊരു സർവീസുമായി ഒരേ സമയക്രമം പാലിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കൊട്ടാരക്കര ഡിപ്പോയിലെ പ്രസ്തുത സർവീസ് 06.15 ഈസ്റ്റ് ഫോർട്ട് ആയി പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്യുന്നതിനാൽ മറ്റ് ഡിപ്പോകളിലെ മറ്റ് സർവീസുകളെ ദോഷകരമായി ബാധിക്കുന്നില്ല. കൂടാതെ കൊട്ടാരക്കര യൂണിറ്റിൽ നിന്നുള്ള സർവീസ് ലിമിറ്റഡ് സ്റ്റോപ്പ് സർവീസായും പുനലൂർ യൂണിറ്റിലെ സർവീസ് ഓർഡിനറി സർവീസുമായിട്ടാണ് ക്രമീകരിച്ചിട്ടുള്ളത്. ആയതിനാൽ പ്രസ്തുത റൂട്ടിൽ യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനും കോർപ്പറേഷന് കൂടുതൽ വരുമാനം നേടുന്നതിനും സാധിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പുതുതായി തുടങ്ങുന്ന സർവീസുകൾ മറ്റു സർവീസുകളെ ദോഷകരമായി ബാധിച്ചാൽ അവസാനം തുടങ്ങിയ സർവീസിന്റെ സമയം പുന:ക്രമീകരിക്കണമെന്നുള്ള മന്ത്രിതല നിർദേശം പാലിക്കുന്നതിന് നിർദേശം നൽകാനാകുമോ; വിശദമാക്കാമോ? | (സി) | പുതുതായി ആരംഭിച്ച സർവീസിന്റെ സമയക്രമം പുനഃക്രമീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ